കേരളം എണ്ണായിരം വർഷങ്ങൾക്കു മുമ്പ് അഥവാ എടക്കൽഗുഹ

കേസരി ബാലകൃഷ്ണപിള്ള

കേരളം എണ്ണായിരം വർഷങ്ങൾക്കു മുമ്പ് അഥവാ എടക്കൽഗുഹ
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2020, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Edakkal caves, a photograph by Vinayaraj. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

കേരളം എണ്ണായിരം വർഷങ്ങൾക്കു മുമ്പ് അഥവാ എടക്കൽഗുഹ



Cave Inscriptions near Sultan's Battery.

മലബാർ ജില്ലയുടെ കിഴക്കൻ താലൂക്കായ വയനാട്ടിലെ ഗണപതിവട്ടം അംശത്തിൽ സുൽത്താൻ ബത്തേരിക്കു നാലു മൈൽ തെക്കുപടിഞ്ഞാറായി എടക്കൽ മല നിൽക്കുന്നു. ഇതിന്റെ ഏറ്റവും ഉയർന്ന കൊടുമുടിയുടെ, സമുദ്രനിരപ്പിൽനിന്നു നാലായിരത്തിലധികം അടി പൊക്കമുള്ള ബത്തേരി റോക്കിന്റെ പടിഞ്ഞാറു ചെരിവിന്റെ മുകൾഭാഗത്താണ്, കേരളത്തിൽ ഇതുവരെ കണ്ടുപിടിച്ചിട്ടുള്ളതിൽ വച്ച് കൂടുതൽ പ്രാചീനതയും വളരെയധികം ചരിത്രപ്രാധാന്യവുമുള്ള സ്മാരകമായ എടക്കൽഗുഹ. ഈ പ്രാചീനഗുഹയെയും അതിനകത്തുള്ള പാറച്ചുമരുകളിലെ കൊത്തുചിത്രങ്ങളെയും (Rock-carvings) ശിലാലേഖനങ്ങളെയുംപറ്റി ബ്ലോക്കുകളോടും ഫോട്ടോകളോടും സവിസ്തരം വിവരിച്ച്, 1901-ലെ ഇന്ത്യൻ ആന്റിക്വറിയുടെ 30-ാം വാല്യത്തിൽ എഫ്. ഫാസെറ്റ് (Fred Fawcett) ഒരു ദീർഘലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നു. ഗുഹയിലെ മൂന്നു പ്രാചീന ശിലാലേഖനങ്ങളിൽ ഒന്നു മുഴുവനും, മറ്റൊന്നിന്റെ ആദ്യഭാഗവും അന്ന് മദ്രാസിലെ എപ്പിഗ്രാഫിക് വകുപ്പിന്റെ അധ്യക്ഷനായിരുന്ന ഡോ. ഹുൾട്ഷ് (Hultzch) വായിച്ചതും കൂടി മി. ഫാസെറ്റിന്റെ ലേഖനത്തിൽ ചേർത്തിട്ടുണ്ട്. പ്രാമാണികമായ പ്രസ്തുത ലേഖനത്തിനുശേഷം, ചരിത്രകാലത്തിനുമുമ്പുള്ള ചരിത്രത്തിൽ വിദഗ്ദ്ധന്മാരായ ബ്രൂസ് ഫൂട്ടും (Robert Bruce Foote) പഞ്ചാനനൻ മിത്രയും എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങളെപ്പറ്റി മാത്രം തങ്ങളുടെ ഗ്രന്ഥങ്ങളിൽ പ്രസംഗവശാൽ സാമാന്യമായി പ്രസ്താവിക്കുകയുണ്ടായി. ഇങ്ങനെ ഉപേക്ഷിക്കപ്പെട്ട എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങളും ശിലാലേഖനങ്ങളും അന്ധകാരത്തിൽ ആണ്ടുകിടക്കുന്ന പ്രാചീന കേരളചരിത്രത്തിൽ കുറെയെങ്കിലും വെളിച്ചം പൊഴിക്കുമെന്ന മനസ്സിലാക്കിയതിനാലാണ് ഈ ലേഖകൻ പ്രസ്തുത വിഷയത്തിൽ ഗവേഷണം നടത്തിയതിന്റെ ഫലം ഇവിടെ സംക്ഷേപിച്ചു വിവരിക്കുന്നത്.

Edakal Cave, Plate I. Fig. 1.

മലയുടെ പിളർപ്പിൽ വമ്പിച്ച ഒരു പാറ വീണതുകൊണ്ട് സ്വയമേ ഒരു ഗുഹയായിത്തീർന്ന എടക്കൽഗുഹയുടെ ചുമരുകളിൽ, മനുഷ്യരെയും, മൃഗങ്ങളെയും, സാധനങ്ങളെയും, സ്വസ്തിക, വൃത്തം, കരിങ്ക് മുതലായ ചിഹ്നങ്ങളെയും കൊത്തിയിരിക്കുന്നു. മി. ഫാസെറ്റ് ഇദംപ്രഥമമായി ഈ ഗുഹ പരിശോധിച്ചപ്പോൾ ഇതിന്റെ നിലത്തെ പായലിനു നാലടി കനമുണ്ടായിരുന്നതിനാൽ ഇതു ചരിത്രകാലത്തിനുമുമ്പുള്ള ഒരു ഗുഹയാണെന്നും ഇതുണ്ടായ കാലത്തിനടുത്തായിട്ടാണ് മനുഷ്യൻ ഇതിൽ പ്രവേശിച്ച് ചുമരുകളിൽ ചിത്രങ്ങൾ കൊത്തിയതെന്നും വിചാരിക്കണം. ഈ കൊത്തുചിത്രങ്ങളിൽ ചിലതിനെ, അവ കാണിക്കുന്ന കലാരീതിയുടെ മാതൃകകളായി ഈ ലേഖനത്തിൽ ചേർത്തിട്ടുണ്ട്. ഇവയോടുകൂടി കൊത്തിയിട്ടുള്ള സ്വസ്തിക മുതലായ ചിഹ്നങ്ങളിൽ അഞ്ചെണ്ണത്തിന് ബി. സി. 2500-ന സമീപത്തവസാനിച്ച സിന്ധുനദീതീരത്തിലെ മോഹൻജൊദാരോ പരിഷ്കാരത്തിലെ ചിത്രലിപികളോട് സാദൃശ്യമുള്ളതായി ഈ ലേഖകൻ കണ്ടുപിടിച്ചിട്ടുണ്ട്. പക്ഷേ, ഇവ മോഹൻജൊദാരോ ചിത്രലിപികളെപ്പോലെയുള്ള ലിപികളല്ലെന്നും കേവലം നിഗൂഢവും മതപരവുമായ ചിഹ്നങ്ങളാണെന്നുമാണ് ലേഖകന്റെ അഭിപ്രായം. ഈ കൊത്തുപണികളുടെ കാലത്തിനുശേഷം ആറായിരത്തിൽപ്പരം വർഷം കഴിഞ്ഞിട്ടാണ് ഈ ലേഖനത്തിൽ ചേർത്ത രണ്ടു ശിലാലേഖനങ്ങളിൽ അടിയിലുള്ളതു കൊത്തപ്പെട്ടത്. ഇതിനുശേഷം അഞ്ഞൂറിലധികം വർഷം കഴിഞ്ഞിട്ടാണ് ഡോക്ടർ ഹുൾട്ഷ് വായിച്ചതായി മുകളിൽ പ്രസ്താവിച്ച ലേഖനവും ഇവിടെ ചേർത്തവയിൽ മുകളിലത്തെ ലേഖനവും ഉണ്ടായത്. ഇതിൽനിന്ന് ചരിത്രാതീകാലങ്ങൾ മുതൽക്ക് എ. ഡി. അഞ്ഞൂറുവരെയുള്ള കേരളചരിത്രത്തിന്റെ ഇടവിട്ടുള്ള ഗതി ഈ ഗുഹയിലെ അവശിഷ്ടങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടെന്നു മനസ്സിലാക്കാം. ആദ്യമായി ഈ കൊത്തുചിത്രങ്ങളുടെ കാലത്തെയും സ്വഭാവത്തെയും രണ്ടാമതായി, താരതമ്യേന ആധുനികകാലത്തുള്ള ഈ ശിലാലേഖനങ്ങളെയും പ്രതിപാദിക്കുന്നതാണ്.



Plate I. Fig. 2.

നവശിലായുഗത്തിലെ (Neolithic) ഒരു മിനുസപ്പെടുത്തിയ കല്ലുളി (celt) എടക്കൽ ഗുഹയിൽനിന്ന് മി. ഫാസെറ്റ് കണ്ടെത്തിയിട്ടുള്ളതിനാലും, ഇത്തരം ഉളികൾ കൊണ്ടാണ് എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങൾ കൊത്തിയതെന്നു വിചാരിക്കേണ്ടിയിരിക്കുന്നതിനാലും, മധ്യ ഇന്ത്യയിലുള്ള ചോട്ടാനാഗ്പൂരിലെ ഘടശിലയുടെ ഉള്ള കൊത്തുചിത്രങ്ങളോട് ഇവയ്ക്കു സാദൃശ്യമുള്ളതിനാലും—ഈ ലേഖനത്തിൽ ചേർത്ത ഘടശിലയിലെ കൊത്തു ചിത്രങ്ങളോട് എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങളെ കൂട്ടത്തിൽ കാണുന്ന അമ്പുംവില്ലുംവച്ചു നിൽക്കുന്ന മനുഷ്യനെ താരതമ്യപ്പെടുത്തി നോക്കുക—എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങൾ നവശിലായുഗകാലത്തു ജനിച്ചിരിക്കുമെന്ന് മി. പഞ്ചാനനമിത്രൻ 'ചരിത്രകാലത്തിനു മുമ്പുള്ള ഇന്ത്യ' എന്ന തന്റെ ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ദക്ഷിണഭാരതത്തിലെ നവശിലായുഗത്തിന് മി. മിത്രൻ നൽകിയിരിക്കുന്ന കാലം ബി. സി. പതിനായിരം മുതൽക്ക് ബി. സി. നാലായിരം വരെയാണ്. ഘടശിലയിലെ കൊത്തുചിത്രങ്ങൾക്കും ആസ്ത്രേലിയയിലെ ചരിത്രാതീതകാലങ്ങളിലെ കൊത്തുചിത്രങ്ങൾക്കും തമ്മിലുള്ള വളരെ അടുത്ത സാദൃശ്യം അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ഇവ പ്രാചീനശിലായുഗത്തിന്റെ (Palaeolithic) അന്ത്യമായ ചെറുശിലായുഗത്തിലാണ് (Mesolithic Age) ജനിച്ചതെന്ന് സമർത്ഥിക്കുകയും ചെയ്യുന്നുണ്ട്. നവശിലായുഗത്തിലെ എടക്കൽ കൊത്തുചിത്രങ്ങൾക്ക്, അതിനുമുമ്പുള്ള ചെറുശിലായുഗത്തിലെ ഘടശിലാ കൊത്തുചിത്രങ്ങളോട് സാദൃശ്യമുള്ളതിനാൽ എടക്കൽ കൊത്തുചിത്രങ്ങളെ നവശിലായുഗത്തിന്റെ പൂർവ്വാർധത്തിൽ സ്ഥാപിക്കണതായിരിക്കും മി. മിത്രന്റെ അഭിപ്രായത്തിനു യോജിക്കുന്നതെന്ന് നമുക്കനുമാനിക്കാം. അതായത്, മി. മിത്രന്റെ അഭിപ്രായമനുസരിച്ച് എടക്കൽ കൊത്തുചിത്രങ്ങളുടെ കാലം ബി. സി. പതിനായിരത്തിനും ബി. സി. ഏഴായിരത്തിനും മധ്യത്തിലാണ്. മനുഷ്യരുടെ അസ്ഥികഷണങ്ങളും ഇരുമ്പുകരണങ്ങളും ആയുധങ്ങളും ഉള്ളിലുള്ള വട്ടക്കല്ല് (Crombch) മുതലായ വൻശിലാപരിഷ്കാര (Megalithilic Culture) കാലത്തെ സ്മാരകങ്ങൾ എടക്കൽ മലയ്ക്കു സമീപിച്ചു കാണാം. ഇന്ത്യയിലെ വൻശിലാപരിഷ്കാരത്തിന് മി. മിത്രൻ കൊടുത്തിട്ടുള്ള കാലം ബി. സി. രണ്ടായിരത്തഞ്ഞൂറു മുതൽക്ക് ബി. സി. എണ്ണൂറുവരെയാകുന്നു.



Plate I., Fig. 1.
This is from a photograph taken before the excavations and shows some of the inscriptions on the South wall together with some symbols.
The symbols are what are usually known as the "sun and fire symbols," vide the late Mrs. Murray-Aynsley's papers on Asiatic Symbolism, ante, Vol. XV. pp. 61 ff., 89 ff., 117 ff., 217 ff., 238 ff., 321 ff. It will further the present enquiry to repeat here the 32 sun and fire symbols are given in Plate I. of her paper, ante, Vol. XV. p. 65.
* No. 17 is not reproduced here.

ഉത്തരഭാരതത്തെപ്പോലെ താമ്രയുഗത്തിലേക്കു കടക്കാതെ നേരിട്ട് ഇരുമ്പുയുഗത്തിലേക്ക് പോകയാണ് ചെയ്തിട്ടുള്ളത്. ഇവിടെ ഇരുമ്പുയുഗം തുടങ്ങിയത് ബി. സി. നാലായിരത്തിലാണെന്നാണ് മി. മിത്രന്റെ അഭിപ്രായം. എടക്കൽ ഗുഹയിലെ കൊത്തുചിത്രങ്ങൾ വൻശിലാപരിഷ്കാര കാലത്തിനും ഇരുമ്പുയുഗത്തിനും മുമ്പുണ്ടായി എന്നു നിശ്ചയിക്കാം. അതിനാൽ ഈ കൊത്തുചിത്രങ്ങൾ ബി. സി. നാലായിരത്തിനു മുമ്പുള്ളവയാണ്. ഇതിന് എത്രമുമ്പ്? ഈ ചോദ്യത്തിന് ഉത്തരം പറയുന്നതിനുമുമ്പ് ചെറുശിലാ യുഗാന്ത്യത്തിലുള്ള ഘടശിലാ കൊത്തുചിത്രങ്ങളുടേതിൽനിന്ന് എടക്കൽ കൊത്തുചിത്രങ്ങളുടെ കലാരീതി കുറെ മുമ്പോട്ടു പോയിട്ടുണ്ടെന്ന പ്രത്യക്ഷസംഗതി നാമോർക്കണം. ഇതു പരിഗണിച്ച് എടക്കൽ കൊത്തുചിത്രങ്ങൾക്ക് ബി. സി. ഏഴായിരം മുതൽക്ക് ബി. സി. ആറായിരം വരെ എന്ന ഉദ്ദേശകാലം കൊടുക്കാം. എടക്കൽ കൊത്തുചിത്രങ്ങളുടെ കൂട്ടത്തിൽ അമ്പും വില്ലും വച്ചു നിൽക്കുന്ന മനുഷ്യന്റെ ചിത്രത്തിനും പേർസ്യയിലുള്ള സൂസയിൽ ഒന്നാം നഗരത്തിൽ കണ്ടുപിടിച്ച ഒരു മൺപാത്രത്തിലെ ചിത്രത്തിനും തമ്മിലുള്ള സാദൃശ്യവും ഏറെക്കുറെ ഈ കാലത്തെ പിന്താങ്ങുന്നുണ്ട്.



Plate I., Fig. 2.
This fig. is a continuation of the inscriptions in fig. 1. It contains one symbol of the swastika type.
Plate II., Fig. 1.
This figure gives the whole of the inscriptions shown in part in Plate I. The photograph was taken after the excavations. It is much more fruitful in symbols than the previous Fig.
There are two good instances of magic squares.
There are also at the bottom of Fig. 1 two figures of animals which may be taken to be deer or dogs, and another close by the magic square.
The swastika turns up in 16 different forms of "sun-symbols":—
We also here begin to see those human figures which are of such interest. In this Fig. there are four specimens.
Of the above, Nos. 1 and 4 I take to be women. No. 3 shows the lower limbs clad in the fashion of South India in the present day. No. 2 appears to be a man with a feathered head-dress carrying a bow or some such weapon. Assuming the weapon to be a bow, it may be conjectured that possibly the artists of the drawings were ancestors of the present Mullu Kurumbars of the neighbourhood — Vêdas as they sometimes call themselves.
There is also a childish representation of an animal that may be a dog or any animal of the chase one may fix upon. In Plate V., fig. 2, it turns up again in a different light with another that may be taken to be a deer.
Plate II., Fig. 2.
This is from a photograph taken of the South wall before the excavations, giving a clear impression of the general appearance of the wall in sunlight with the tree shadows across it. The whole wall stands up in relief and the actual appearance of the carvings to the eye are well given. The method does not, however, lend itself to investigation and the carvings are repeated in the next Plate (III., fig. 1).

എടക്കൽ കൊത്തുചിത്രങ്ങൾ മനുഷ്യരെയും മറ്റും ചിത്രീകരിക്കുന്നുവെന്ന് മുകളിൽ പറഞ്ഞുവല്ലോ. നവശിലായുഗകാലത്തെ ഈ ചിത്രകലയും, അതിനുമുമ്പുള്ള പ്രാചീനശിലായുഗത്തിലേതിനും തമ്മിൽ സാരമായ വ്യത്യാസമുണ്ട്. സ്പെയിനിന്റെ കിഴക്കുഭാഗത്തും ഉത്തര ആഫ്രിക്കയിലെ ടൂണിസിലും ഭാരതത്തിലെ സെൻട്രൽ പ്രൊവിൻസിലെ സിംഗപ്പൂർ എന്ന സ്ഥലത്തും കാണാവുന്ന ചായമിട്ട പ്രാചീനശിലായുഗചിത്രങ്ങൾ സാദൃശ്യാത്മകത്വവും (Realism) ചൈതന്യവും പുഷ്ടമായുള്ള ഒരു കലാരീതിയെയാണ് കാണിക്കുന്നത്. നേരെമറിച്ച്, ഘടശിലയിലെയും എടക്കൽ ഗുഹയിലെയും കൊച്ചുചിത്രങ്ങൾ സങ്കേതാത്മകങ്ങളും (conventional) ചൈതന്യമറ്റവയും, പുഷ്ടകരഞ്ഞവയുമാകുന്നു. എടക്കൽ കൊത്തുചിത്രങ്ങളിൽ മനുഷ്യരെയും മറ്റും, പ്രാചീനശിലായുഗക്കാർ ചെയ്തിരുന്നതുപോലെ അവയുടെ യഥാർത്ഥരൂപത്തിൽ വരയ്ക്കാതെ ഒരു കൃത്രിമമായ കലാസങ്കേതമനുസരിച്ച് വരച്ചിരിക്കുന്നു. ഘടശിലയിലെയും എടക്കൽ ഗുഹയിലെയും കൊത്തുചിത്രങ്ങൾ, സെൻട്രൽ പ്രൊവിൻസിലെ സിംഗപ്പൂരിലെയും കിഴക്കൻ സ്പെയിനിലെയും പ്രാചീനശിലായുഗ ചിത്രകലയിൽ കാണുന്ന ഈ കലാരീതി—മനുഷ്യരുടെ രൂപങ്ങൾക്കു നീളം കൂട്ടി വരയ്ക്കുന്ന രീതി—സ്വീകരിച്ചിരിക്കുന്നു. കൂടാതെ, ഈ പ്രാചീനശിലായുഗചിത്രങ്ങൾ മനുഷ്യരെ മുഖമൂടുപടങ്ങളോടുകൂടി നൃത്തം ചെയ്യുന്ന ഭാവത്തിൽ വരച്ചിരിക്കുന്നതുപോലെ, എടക്കൽ ഗുഹയിലെ കൊത്തുചിത്രങ്ങളും മനുഷ്യരെ മുഖമൂടുപടങ്ങളോടും ഉഷ്ണിഷ വിശേഷങ്ങളോടുംകൂടി നൃത്തം ചെയ്യുന്ന ഭാവത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്. പ്രാചീനശിലായുഗചിത്രങ്ങളിൽ കാണുന്ന ഈ നൃത്തഭാവം മതസംബന്ധിയായ നൃത്തത്തെയാണ് ചിത്രീകരിക്കുന്നതെന്ന് വിദഗ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അപ്പോലെ എടക്കൽ കൊത്തുചിത്രങ്ങളും മതസംബന്ധിയായ വേല കോലം തുള്ളലുകളെയും ദൈവം തുള്ളലുകളെയും ചിത്രീകരിക്കുന്നു എന്നു വിചാരിക്കാം. ഈ കൊത്തുചിത്രങ്ങൾ പാളയും കുരുത്തോലയും വച്ചുകെട്ടി ഉള്ളാടുള്ള വേലന്മാരുടെയും മറ്റും കോലം തുള്ളലുകളെ സ്മരിപ്പിക്കുന്നു. ഒരു തെങ്ങിൻതോലോ പനമടലോ ഓല കളഞ്ഞു പിടിച്ചുകൊണ്ട് മുഖംമൂടിയോടും ഉഷ്ണിഷത്തോടുംകൂടെ തുള്ളുന്ന ഒരു മനുഷ്യന്റെ ചിത്രവും എടക്കൽ ഗുഹയിൽ കൊത്തിയിട്ടുണ്ട്.


Edakal Cave, Plate II. Fig. 1.



Plate II. Fig. 2.

പ്രാചീനശിലായുഗത്തിലെ ശിലാനിർമ്മിതങ്ങളായ ഉപകരണങ്ങളും ആയുധങ്ങളും കേരളത്തിൽനിന്ന് ഇതുവരെ കണ്ടുപിടിച്ചതായറിയുന്നില്ല. അതിനാൽ പ്രാചീനശിലായുഗത്തിൽ കേരളത്തിൽ മനുഷ്യർ നിവസിച്ചിരുന്നില്ലെന്നും, നവശിലായുഗത്തിലാണ് മനുഷ്യവാസം തുടങ്ങിയതെന്നും അനുമാനിക്കാം. എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങൾ ഉദാഹരിക്കുന്ന ഈ നവയുഗകല സങ്കേതാത്മകവുമാണ്. അതിനാൽ കേരളകലയുടെ ഉത്ഭവം സങ്കേതാത്മകമായിട്ടാണെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. പ്രാചീനശിലായുഗകലയുടെ ഒരു പരിവർത്തനവും ക്ഷയവും കൊണ്ടായിരിക്കണം ഈ കല ഉത്ഭവിച്ചത്. പക്ഷേ, ഈ ആദ്യത്തെ സങ്കേതാത്മകമായ കേരളകലയുടെ പൂർവികസ്ഥാനമുള്ള പ്രാചീനശിലായുഗത്തിലെ സാദൃശ്യാത്മക കല കേരളത്തിനു പുറമെയാണ് ജനിച്ചത്. അതിന്റെ പുതിയ രൂപമായ സങ്കേതാത്മകകലയോടു കൂടിയായിരിക്കാം കേരളത്തിലെ ആദിമനിവാസികൾ പുറമെ നിന്നും കേരളത്തിൽ കടിയേറിപ്പാർത്തത്. അതിനാൽ ഉത്ഭവം എങ്ങനെയായാലും കേരളത്തിൽ കല ആദ്യമായി ജനിച്ചത്, സങ്കേതാത്മക രീതിയോടുകൂടിയാണ്. പിന്നെയും കേരളം കല സംബന്ധിച്ചു ലോകത്തിൽ പേരെടുത്തിട്ടുണ്ടെങ്കിൽ അത് കൊത്തുപണിയിൽ മാത്രമാണ്. ഇവിടുത്തെ മരത്തിലും ദന്തത്തിലുമുള്ള കൊത്തുപണി പ്രസിദ്ധിനേടിയിട്ടുണ്ട്. ഇങ്ങനെ കേൾവികേട്ട കേരളത്തിലെ കൊത്തുപണിയുടെ പ്രാരംഭദശയെയാണ്, നാം എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങളിൽ കാണുന്നതും.

Edakal Cave, Plate III. Fig. 1.



Plate III. Fig. 2.

എടക്കൽ ഗുഹയിലെ കൊത്തുചിത്രങ്ങൾ ചിത്രീകരിക്കുന്ന മനുഷ്യർ ഏതു വർഗ്ഗത്തിൽപ്പെട്ടവരാണെന്ന് ഇനി കണ്ടുപിടിക്കാൻ ശ്രമിക്കാം. പ്രൊഫ. ഗീയുഫ്രീഡാ റുഗേറിയുടെ (Ruggeri) 'ഏഷ്യയിലെ നരവംശശാസ്ത്രം' എന്ന പ്രാമാണിക ഗ്രന്ഥത്തെ ആസ്പദിച്ച് ഈ മനുഷ്യർ ദ്രാവിഡന്മാരുടെയും ആര്യന്മാരുടെയും വരവിനുമുമ്പ് ഇന്ത്യയിൽ പാർത്തിരുന്ന ആസ്ത്രലോ വേടർ എന്ന നരവംശത്തിൽപ്പെട്ടതാണെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. മധ്യേന്ത്യയിലെ ഗാണ്ഡ്, മുണ്ഡ, ഹോസ് മുതലായ വർഗ്ഗക്കാരും കേരളത്തിലെ മലവേടർ, മുള്ളക്കുറുമ്പർ, പണിയർ, ചെറുമർ എന്നീ വർഗ്ഗക്കാരും ഈ ആസ്ട്രലോവേടർ എന്ന നരവംശത്തിൽപ്പെട്ടവരാണ്. പ്രത്യേകിച്ച് എടക്കൽ ഗുഹയിലെ കൊത്തുചിത്രങ്ങൾ കൊത്തിയത് എടക്കൽമലയ്ക്കു സമീപം ഇന്നു കാണുന്ന മുള്ളക്കുറുമ്പന്മാരുടെ പൂർവികരാണെന്ന് ഈ ലേഖകനു തോന്നുന്നു. വയനാടൻ ചെട്ടികൾ ആണ്ടിലൊരിക്കൽ എടക്കൽ മലയിലെ ബത്തേരി റോക്ക കൊടുമുടിയിൽ ചെന്ന് മുടിയംപിള്ളി എന്നൊരു ദേവിയെ ആരാധിക്കാറുണ്ടെന്ന് മി. ഫാസെറ്റ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ വയനാടൻ ചെട്ടികൾ സാധാരണയായി ചെട്ടികളെന്നറിയപ്പെടുന്നവരല്ല. പുലികളെ വലവച്ചു പിടിക്കുന്ന ഒരുമാതിരി വേടജാതിക്കാരാണ്. വയനാട്ടിൽ കാണുന്ന കർണാടക ദേശീയരായ എടനാടൻ ചെട്ടികൾക്കും മന്ദാടൻ ചെട്ടികൾക്കും, പ്രസ്തുത വയനാടൻ ചെട്ടികൾക്കും തമ്മിൽ വലിയ വ്യത്യാസമുണ്ട്. വയനാടൻ ചെട്ടികൾക്കിടയിൽ തങ്ങൾ തമിഴകത്തുനിന്നു വന്ന വെള്ളാളരാണെന്ന് ഒരൈതിഹ്യമുണ്ടെങ്കിലും അത് വിശ്വാസയോഗ്യമാണെന്ന് ഈ ലേഖകനു തോന്നുന്നില്ല. ദ്രാവിഡ നരവംശത്തിൽപ്പെട്ട മൈസൂറിലെയും കർണാടക ദേശങ്ങളിലെയും ബേഡർ അഥവാ ബോയർ എന്ന വർഗ്ഗത്തിനു സദൃശ്യരായി പണ്ടു കേരളത്തിലുണ്ടായിരുന്നവരുടെ സന്താനങ്ങളാണ് വയനാടൻ ചെട്ടികളെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. ഈ ബോയർ ജാതിക്കാരും മലവേടന്മാരും ഒരേ വംശത്തിൽപ്പെട്ടവരല്ലെന്നും ബോയർ ദ്രാവിഡവംശത്തിലും, മലവേടർ ആസ്ട്രലോവേടവംശത്തിലും പെട്ടവരാണെന്നും പ്രത്യേകം ഓർമിക്കണം. വയനാടൻ ചെട്ടികൾക്കു പുറമേ മുള്ളക്കുറുമ്പരും എടക്കൽ ഗുഹയെ ബഹുമാനിക്കുന്നുണ്ട് എന്നും, എന്നാൽ, പണിയർ ഇങ്ങനെ ചെയ്യുന്നില്ലെന്നും മി. ഫാസെറ്റ് ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ മുള്ളക്കുറുമ്പന്മാർ ആസ്ട്രലോവേടർ വംശത്തിൽപ്പെട്ടവരാണുതാനും. അതിനാലത്രേ മുള്ളക്കുറുമ്പന്മാരുടെ പൂർവികരാണ് എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങൾ കൊത്തിയതെന്ന് ഈ ലേഖകൻ വിചാരിക്കുന്നത്. എടക്കൽ കൊത്തുചിത്രങ്ങളിൽ അമ്പും വില്ലും വച്ചു നിൽക്കുന്ന മനുഷ്യന്റെ പടത്തിൽ നിന്ന് ആ കൊത്തുചിത്രങ്ങൾ കൊത്തിയ വർഗ്ഗക്കാർക്ക് സാധാരണ പൊക്കത്തിലും കുറഞ്ഞ പൊക്കമേ ഉണ്ടായിരുന്നുള്ളു എന്ന് സ്പഷ്ടമാകുന്നു. ആസ്ട്രലോവേടർ വംശക്കാർക്കും ഈ പൊക്കമേയുള്ളൂ. ഈ മുള്ളക്കുറുമ്പരുടെ ആധിപത്യത്തിനുശേഷം ദ്രാവിഡവംശത്തിൽപ്പെട്ട വയനാടൻ ചെട്ടികൾ വയനാട്ടിന്റെ നാഥന്മാരായിത്തീർന്നിരിക്കണം. ഇവരുടെ രാജാക്കന്മാരിൽ നിന്നാണ് എ. ഡി. 10-ാം ശതാബ്ദത്തോടടുപ്പിച്ച വടക്കൻ കോട്ടയം രാജാക്കന്മാരും കുറുമ്പ്രനാട്ട് രാജാക്കന്മാരും വയനാട്ടിന്റെ തെക്കൻ ഭാഗങ്ങളെ കൈവശപ്പെടുത്തിയത്. ഇങ്ങനെ ദ്രാവിഡന്മാരുടെ വരവിനുമുമ്പ് നവശിലായുഗത്തിൽ കേരളത്തിൽ നിവസിച്ചിരുന്ന ആസ്ട്രലോവേടർ വർഗ്ഗത്തിൽപ്പെട്ട കുറുമ്പരാണ് എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങൾ കൊത്തിയതെന്നാണ് ഈ ലേഖകന്റെ അഭിപ്രായം.



Plate III., Fig. 1.
This repeats the last fig. and is from a photograph taken after the excavations. It was so taken as to show the carvings in their entirety. The interest in this Plate lies in the representations of human beings. There are nine distinct specimens.
Nos. 1 and 2 I take to be women. Nos. 2, 4, 6, and 9 I take to be men dancing in masks or masked head-dresses. No. 5 is an outline figure high up on the wall. Nos. 7 and 8 seem to be persons seated. The head-dresses, the masks, the dancers and the seated figures may represent an ancient "devil-dance" of the country, much as it is still conducted among the

എടക്കൽഗുഹയിലെ കൊത്തുചിത്രങ്ങളുടെ കാലത്തിനുശേഷം ആറായിരത്തോളം വർഷം കഴിഞ്ഞാണ് മേൽപ്പറഞ്ഞ ശിലാലേഖന ചിത്രത്തിൽ അടിയിൽ പകർത്തിയിട്ടുള്ള ലേഖനം കൊത്തിയതെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. ഇത് എഴുതിയിരുന്ന ലിപി പ്രാചീനലിപിവിദഗ്ധന്മാർ 'കേവ്' എന്ന പേരിട്ടിട്ടുള്ളതും അശോകനശേഷമുണ്ടായതുമായ ഒരു ബ്രാഹ്മി ലിപിയാണ്. ഇതുവരെ വായിച്ചിട്ടില്ലാത്ത ഈ ലേഖനം. 'സകുമനേവേരകോവ (ഹ) ദാനം' എന്നു വായിക്കാമെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. പാതി മാഞ്ഞുപോയതിനാൽ ലേഖനപ്പകർപ്പിൽ മുഴുവനും വരാത്ത ആദ്യത്തെ അക്ഷരമായ 'സ'യുടെ രൂപത്തിന്റെ ഒട്ടുഭാഗം മി. ഫാസെറ്റ് എടുത്തിട്ടുള്ള ഈ ലേഖനം കൊത്തിയിട്ടുള്ള ചുമരിന്റെ ഫോട്ടോയിൽ കാണാം. ലേഖനപ്പകർപ്പിൽ 'സ'യുടെ നടുവിലത്തെ കീഴ്പ്പോട്ടുള്ള വരമാത്രം കാണുന്നതിനാൽ, അതു 'ര' ആണെന്നു തോന്നും. പക്ഷേ, ഈ 'ര'യുടെ ഇരുവശങ്ങളിലും പകർപ്പിൽത്തന്നെ ചില കുത്തുകൾ കാണുന്നത് 'സ'യുടെ അവശിഷ്ടങ്ങളാണെന്ന് ഫോട്ടോയും പകർപ്പും സൂക്ഷിച്ചു പഠിച്ചാൽ മനസ്സിലാക്കാം. സ്ക്വയർ ബ്രാക്കറ്റിൽ ഇട്ടിട്ടുള്ള 'ഹ' എന്ന അക്ഷരം ലേഖനത്തിന് അടിയിൽ കൊത്തിയിട്ടുള്ളതാണ്. 'വ'യുടെ മുകളിൽ ഒരു ഒമിഷൻ മാർക്ക് ഇട്ടിട്ടുള്ളത് 'വ'യുശേഷം ഒരക്ഷരം വിട്ടുപോയി എന്നും അത് അടിയിൽ ചേർത്തിട്ടുണ്ടെന്നും കാണിക്കാനാണ്. 'വേ'യുടെ അടിയിൽ 'ഉ' എന്ന അക്ഷരം കൊത്തിയിട്ടുള്ളതുപോലെ ഫോട്ടോവിൽ നിന്നു തോന്നുന്നു. 'വേ' എന്ന അക്ഷരത്തിലെ രകാരം 'വേ'യുടെ അടിയിൽ കീഴ്പ്പോട്ടുള്ള ഒരു വരകൊണ്ടാണ് ശിലാലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ഈ രകാരത്തിന്റെ അടയാളം 'വേ'യുടെ കീഴിൽ ചേർക്കുവാൻ ഈ ലേഖനത്തിലുള്ള പകർപ്പിന്റെ കോപ്പി എഴുതിയപ്പോൾ ഈ ലേഖകൻ വിട്ടുപോയെന്നും അതുണ്ടെന്നുകൂടി മനസ്സിൽ വിചാരിച്ചു വേണം ലേഖനം വായിക്കേണ്ടതെന്നും ഇവിടെ പറഞ്ഞുകൊള്ളട്ടെ. പാലിഭാഷയിലുള്ള ഈ ലേഖനത്തിന്റെ സംസ്കൃതരൂപം 'ശാക്യമുനേ ഉവരകോ ബഹുദാനം' എന്നാണ്. 'വേ'യുടെ അടിയിൽ ചേർത്തിട്ടുള്ള 'ഉ' എന്ന അക്ഷരവും കൂട്ടിച്ചേർത്തു വായിക്കുകയാണെങ്കിൽ അത് 'സകുമനേ ഉവേരകോവഹദാനം' എന്നവരും. ഇതു സംസ്കൃതസന്ധി പ്രകാരം തെറ്റായതുകൊണ്ട് 'ഉ' വിട്ടു വായിക്കുകയാണ് നല്ലതെന്നു തോന്നുന്നു. ഈ ലേഖനത്തിന്റെ അർത്ഥം ശാക്യമുനിയുടെ (ബുദ്ധന്റെ) ഉവരകൾ പലതു ദാനം ചെയ്തു എന്നാണ്. ഉവരക എന്ന പദത്തെ ആരാധനയുള്ള ഗുഹ എന്ന അർത്ഥത്തിൽ പാലി ഭാഷയിലും കേവ് ലിപിയിലുമുള്ള ശിലാലേഖനങ്ങളിൽ ധാരാളമായി ഉപയോഗിച്ചിരിക്കുന്നു.

Plate III., Fig. 2.
This shows another part of the South wall after the excavations. There are six human figures to be made out.
No. 1 is a man dancing in a masked head-dress. Nos. 2 and 3 are also dancing figures. Nos. 3 and 4 I take to be seated figures. No. 6 is a woman in a long garment.


There are also seven specimens of the "sun-symbol" type:—
Plate IV., Fig. 1.
This is a photograph of the darkest part of the Cave. It represents part of the Southern wall. The photograph has been taken too close for making out the figures. The human
[10] Vide Ind. Ant. Vols. XXIII ; XXIV ; XXV. and XXVI. and especially the Plates facing Vol. XXIII pp. 19, 38, 198 : Vol. XXIV. p. 220.

ഇനി ലേഖനത്തിന്റെ കാലം കണ്ടുപിടിക്കാൻ ശ്രമിക്കാം: 'ദാ' എന്ന അക്ഷരത്തിന്റെ നടുവിലത്തെ വളവിന്റെ മുകളിലും താഴെയുമുള്ള വരകൾക്ക് നീളം കൂട്ടതലായി കാണുന്നതിനാൽ ബ്യൂളരുടെ (Buhler) അഭിപ്രായമനുസരിച്ച് ഈ ലേഖനം ബി. സി. 200-നടുപ്പിച്ചു കൊത്തിയതെന്ന് വിചാരിക്കുക. 'മുനേ' എന്ന പദത്തിലെ 'ന'യുടെ അപൂർവരൂപം അശോകന്റെ മൈസൂരിലുള്ള സിദ്ധിപുരം ഒന്നാം ശിലാലേഖനത്തിലും കാണാവുന്നതാണ്. 'വേ'യിലെ രകാരം അടിയിൽ ചേർക്കാതെ മുകളിൽ ചേർത്തിട്ടുള്ളതും, ഈ ലേഖനത്തിനും അശോകനും വല്യതായ കാലാന്തരമില്ലെന്നു സൂചിപ്പിക്കുന്നു. ഈ കാരണങ്ങളാൽ ഈ ലേഖനത്തിന്റെ കാലം ബി. സി. 200-നും 150-നും ഇടയ്ക്കാണെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. ബി. സി. 242-ൽ മരിച്ച അശോക ചക്രവർത്തിയുടെ സുപ്രസിദ്ധമായ ശിലാലേഖനങ്ങളിൽ നിന്ന് മൗര്യസാമ്രാജ്യത്തിൽ മൈസൂറിലെ വടക്കൻ താലൂക്കുകൾ വരെയുള്ള പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നു എന്നും, അതിനു തെക്കുള്ള ചോഴം, പാണ്ഡ്യം, കേരളപുത്രം, സതിയപുത്രം (ഈ ഒടുവിൽ പറഞ്ഞതു കാഞ്ചീപുരത്തിനു സമീപമുള്ള പ്രദേശമാണെന്ന് ഈ ലേഖകൻ വിചാരിക്കുന്നു എന്ന് ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ) എന്നീ രാജ്യങ്ങളിലേക്ക് അദ്ദേഹം ബുദ്ധമതപ്രചാരകരെ അയച്ചിരുന്നു എന്നും നമുക്കു വിചാരിക്കാം. ഈ മതപ്രചാരകരായിരിക്കും അന്നു കേരളത്തിൽ ഉൾപ്പെട്ടിരുന്ന വയനാട്ടിൽ വന്ന് അവിടെ പ്രചാരമുണ്ടാക്കിയിരുന്നു എന്ന് ഈ എടക്കൽ ലേഖനം പ്രത്യക്ഷപ്പെടുത്തുന്ന ബുദ്ധമതം അവിടെ സ്ഥാപിച്ചത്. എ. ഡി. രണ്ടാം ശതാബ്ദത്തിൽ പ്രസിദ്ധ യവന ഭൂമിശാസ്ത്രജ്ഞനായ ടോളമി രചിച്ച ഏഷ്യയുടെ ഭൂമിശാസ്ത്രത്തിൽ പസഗെ (അതായത് മൈസൂരിന്റെ പശ്ചിമഭാഗത്തു ഹസ്സൊഗെ) കേരളപുത്രരാജാവിന്റെ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു എന്നും അനുമാനിക്കാവുന്നതാണ്. ബി. സി. രണ്ടാം ശതാബ്ദത്തിൽ കേരളത്തിൽ ബുദ്ധമതം പ്രചരിച്ചിരുന്നു എന്നും, അന്ന് എടക്കൽഗുഹ ബുദ്ധഭിക്ഷുക്കളുടെ ഒരു ഗുഹയായിരുന്നു എന്നും ഈ എടക്കൽ ലേഖനത്തിൽനിന്നും വിചാരിക്കാവുന്നതാണ്.


Edakal Cave, Plate IV. Fig. 1.



Plate IV. Fig. 2.

ഈ ലേഖനത്തിലുള്ള ശിലാലേഖന ചിത്രത്തിന്റെ മുകളിൽ ചേർത്തിട്ടുള്ള ശിലാലേഖനം ഡോക്ടർ ഹുൾട്ഷ് പാതി വായിച്ചിരുന്ന ഗുഹയിലെ ഒരു പ്രാചീന തമിഴ് ലേഖനത്തിന്റെ വായിക്കാത്ത ശിഷ്ടഭാഗമാകുന്നു. ഗുഹയിലെ ചുമരിന്റെ മുകളിലത്തെ വരിയിൽ കൊത്തിയിട്ടുള്ള ഈ ലേഖനത്തിന്റെ ആദ്യഭാഗം 'പൽപ്പുലിതാനന്തകാരി' എന്നും അടിയിലത്തെ വരിയിലുള്ള ലേഖനം മുഴുവനും 'ശ്രീവിഷ്ണുവർമ കുടുംബിയ കലവൻദസ്യലിഖിത' എന്നും ഡോക്ടർ ഹുൾട്ഷ് വായിച്ചിട്ടുണ്ട്. മുകളിലത്തെ വരിയുടെ ഉത്തരഭാഗമാണ് ഇതിലുള്ള ശിലാലേഖന ചിത്രത്തിൽ ചേർത്തിട്ടുള്ളത്. ഇതിനെ 'വേട്കോപണാകചം നന്നചത്തി' എന്നു വായിക്കാമെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. അപ്പോൾ ഇതിന്റെ ആദ്യത്തെ ഭാഗവും കൂട്ടിച്ചേർത്താൽ ഇത് 'പൽപ്പുലിതാനന്തകാരി വേട്ട് കോപണാകചം നന്നചത്തി' എന്ന വരുന്നതാണ്. ഇതിന്റെ അർത്ഥം, പല പുലികളെ കൊന്നൊടുക്കിയ വേട്ട് കോവനായ നാഗവംശജൻ നന്ന ശക്തി എന്നാണ്. വേട്കോ അഥവാ വേട്ട് കോവൻ എന്ന പദത്തിന് ചെന്തമിഴിൽ കശവൻ എന്ന അർത്ഥമുണ്ടെന്ന് മണിമേകലയിലെ,

> "പൈന്നിണ വിലൈ ഞർ, പാചവർ വാചവ-
> രെന്ന നർ മറുകിനുകോവട്ട് കള്ള"

എന്ന വരികളും തമിഴ് സംഘത്തിന്റെ അധ്യക്ഷനായിരുന്ന സുപ്രസിദ്ധനായ നക്കീരനും കൊണ്ടാൻ എന്ന വേട്കോവും തമ്മിൽ സംസ്കൃതത്തിന്റെയും തമിഴിന്റെയും മേന്മയെപ്പറ്റി നടന്ന തർക്കത്തെപ്പറ്റിയുള്ള ഐതിഹ്യത്തെ സൂചിപ്പിക്കുന്ന പഴയപാട്ടിലെ,

> "മരണത്തിൽ പൊതിയിൻ മുതർ പുത്തേൾ വാഴി
> പരണ കലിലരും വാഴി, അരണിചാ
> ആനന്ദവേട്ട് കയാൻ വേട്ട് കൊക്കയക്കൊണ്ടാൻ
> ആനന്ദഞ്ചേർ കവ്വാകാ"

എന്ന വരികളും കാണിക്കുന്നുണ്ട്. എന്നാൽ ചില ശിലാലേഖനങ്ങളിൽ നിന്ന് വേട്കോവൻ എന്നത് പരമ്പരയായി ഒരു പ്രാചീനഗ്രാമമുഖ്യന്റെ ഉദ്യോഗസ്ഥരാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി, ദക്ഷിണതിരുവിതാംകൂറിലെ പാർഥിവശേഖരപുരം ക്ഷേത്രത്തിലുള്ള കൊല്ലം 98-ലെ ഒരു ശിലാലേഖനത്തിൽ, ഒരാൾ രണ്ടു നന്താവിളക്കുകളുടെ ചെലവിലേക്കായി രണ്ടു പടത്തലവന്മാരുടെ പക്കൽ ഏഴേഴ് എരുമകൾ വീതം ഏൽപ്പിച്ചതായി പറഞ്ഞിരിക്കുന്നു. അനന്തരം "ഇവ്വർ വേട്കോവ നാകിന്റെ ചെങ്കോടനം തമ്പി മതുമക്കളും അമ്പലവും വാതിൽമാടവും ചുറ്റമണ്ഡപവും അഴിവു ചെല.. കടവർ" എന്ന ലേഖനത്തിൽ കാണുന്നു. 'കടവർ' എന്നതിനു മുമ്പ് കുറെ അക്ഷരങ്ങൾ മാഞ്ഞുപോയിട്ടുണ്ട്. എന്നാലും ഇതിന്റെ അർത്ഥം വേട്കോവനായ ചെങ്കോടനം കുടുംബവും ആ ക്ഷേത്രം നിലനിൽക്കുന്ന കാലത്തോളം നന്താവിളക്കുകൾക്കുണ്ടായ ഈ ദാനത്തെ കാത്തുരക്ഷിക്കണം എന്നാണെന്ന് അനുമാനിക്കാവുന്നതാണ്. വേട്കോവർ എന്ന ഒരു വർഗ്ഗത്തെയോ ഉദ്യോഗസ്ഥവൃന്ദത്തെയോപ്പറ്റി കൊംഗുദേശത്തെ (അതായത് കോയമ്പത്തൂർ, സേലം എന്നീ ജില്ലകളിലെ) ശിലാലേഖനങ്ങളും പ്രസ്താവിക്കുന്നുണ്ട്. സുപ്രസിദ്ധനായ കരികാലചോഴൻ ഒരിക്കൽ നശിപ്പിച്ച സഹ്യപർവ്വത പ്രാന്തസ്ഥമായ അരയം എന്നൊരു തലസ്ഥാനവും, സ്വർണ്ണം വിളയുന്ന ഒരു മലയുള്ളതും എ. ഡി. പന്ത്രണ്ടാം ശതാബ്ദത്തിൽ പ്രബലമായിത്തീർന്ന മൈസൂറിലെ ഹൊയ്സള രാജവംശത്തിന്റെ സ്ഥാപകനെ സംബന്ധിച്ചുള്ള ഐതിഹ്യത്തിൽ ഇല്യമായ ഒരൈതിഹ്യം സൂരിക്കുന്ന 'പുലികടിമാൽ' എന്ന ബിരുദമുള്ളതുമായ ഇരുങ്കോവേൾ എന്നൊരു ക്ഷത്രിയ രാജവംശത്തെപ്പറ്റി, തമിഴ് സംഘകവിയായ കപിലർ പുറനാനൂറിൽ ചേർത്തിട്ടുള്ള രണ്ടു പാട്ടുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. വയനാട്ടിൽ വൻശിലായുഗകാലത്തു സ്വർണ്ണഖനികളിൽ നിന്നു സ്വർണ്ണം കുഴിച്ചെടുത്തിരുന്നതിനു ലക്ഷ്യമുണ്ടെങ്കിലും, ഇരുങ്കോവേൾ രാജകുടുംബത്തിനും എടക്കൽ ലേഖനത്തിലെ പുലികളെ കൊന്ന വേട്കോവനായ നന്നശക്തിക്കും തമ്മിൽ വല്ല ഛായയുണ്ടോ എന്നു തൽക്കാലം നിർണ്ണയിക്കാൻ സാധിക്കുകയില്ല.

figure given below can, however, be made out on the analogy of those in the previous Plates.





Plate IV., Fig. 2.
This repeats the outer portion of the preceding Fig. in a better light. In it is to be seen the human figure just mentioned, which can now be seen to be that of a man fully clothed carrying a palm branch. Next it is the representation of a figure with a masked head-dress, dancing (No. 2). Higher up is a very primitive form of the female type already seen (No. 3).

മൈസൂറിലെ പാവഗഡ എന്ന സ്ഥലത്തു നിന്ന ലഭിച്ചിട്ടുള്ള എ. ഡി. എട്ടാം ശതാബ്ദത്തിലെ ഒരു ശിലാലേഖനത്തിൽ മാഗ്ര വൈരശക്തി കലത്തിൽപ്പെട്ട ഒരു പരമേശ്വരദേവശക്തിയെയും വട്ടക്കണ്ണശക്തിയെയും പറ്റി പറയുന്നുണ്ട്. മൈസൂറിലെ ഒരു പശ്ചിമജില്ലയിലെ ഹാസ്സൻ ഡിസ്ട്രിക്ടിൽ എ. ഡി. എട്ടാം ശതാബ്ദത്തിന്റെ മുമ്പത്തന്നെ ഭാനശക്തി, ആദിത്യശക്തി മുതലായ ശക്തി എന്ന പദത്തിൽ അവസാനിക്കുന്ന പേരുകളുള്ളവരും, നാഗവംശത്തിൽപ്പെട്ടവരുമായ സേന്ദ്രക കലരാജാക്കന്മാർ ഉണ്ടായിരുന്നു എന്ന് പ്രാചീനശിലാലേഖനങ്ങളും ചെമ്പുപട്ടയങ്ങളും കാണിക്കുന്നുണ്ട്. എടക്കൽ ഗുഹയിലെ നന്നശക്തിയും ഇതുപോലെ നാഗവംശത്തിൽപ്പെട്ട ഒരു ഗ്രാമിണോദ്യോഗസ്ഥനോ പ്രഭുവോ ആയിരിക്കണം. നന്നകൻ, നന്ദൻ എന്നീ പേരുകൾ പണ്ടുണ്ടായിരുന്നു എന്ന് ശിലാലേഖനങ്ങളും തമിഴ് സംഘകാവ്യങ്ങളും സ്ഥാപിക്കുകയും ചെയ്യുന്നു.



Plate V., Fig. 1.
This is from a very dark photograph of the North wall. On it, however, the following symbols appear:—
There are two clear masked dancers, Nos. 1 and 2, and signs of what may be meant for a seated figure (No. 3).
There is a curious long-bodied animal, which no doubt represents a hunting dog:—


The circular "sun-symbols" again appear in a more or less distinct form:—

കടുംബി കലത്തിൽപ്പെട്ട വിഷ്ണവർമന്റെ പേരുപറയുന്ന ഗുഹയിലെ അടിയിലുള്ള വരിയിലെ ലേഖനവും മുകളിലത്തെ ലേഖനവും രണ്ടുതരം ലിപികളിൽ എഴുതിയിരിക്കുന്നതിനാൽ മുകളിലത്തെ വരിയുടെ തുടർച്ചയല്ല രണ്ടാമത്തെ വരി എന്ന് ഈ ലേഖകൻ വിചാരിക്കുന്നു. വിഷ്ണവർമനെപ്പറ്റി പറയുന്ന താഴത്തെ വരി ഡോക്ടർ ഹുൾട്ഷ് ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, എ. ഡി. 500-ന സമീപിച്ചുള്ള പൂർവചാലൂക്യലിപിയിൽ (കുറേക്കൂടി സൂക്ഷ്മമായി പറയുകയാണെങ്കിൽ പ്രാചീനകദംബരരാജാക്കന്മാർ ഉപയോഗിച്ചിരുന്ന ലിപിയിൽ) ആണ് എഴുതിയിട്ടുള്ളത്. ഈ പൂർവചാലൂക്യലിപിയിൽ നിന്നാണ് പിൽക്കാലത്ത് കർണാടകലിപിയും തെലുങ്കലിപിയും ഉണ്ടായത്. നന്നശക്തിയെപ്പറ്റി പറയുന്ന ലേഖനം അതിപ്രാചീനമായ തമിഴ് ലിപിയിൽ എഴുതിയിരിക്കുന്നു. കേരളത്തിൽ പിൽക്കാലത്തു പ്രചാരമുണ്ടായിരുന്ന വട്ടെഴുത്തു ലിപിയല്ല ഇത്. 'നന്ന' എന്നതിന്റെ ഒടുവിലത്തെ 'ന' എന്ന അക്ഷരത്തിനും 'വത്തി' എന്നതിലെ 'ത' എന്ന അക്ഷരത്തിനും മാത്രമേ വട്ടെഴുത്തിന്റെ ഛായയുള്ളൂ. ഇന്ന് അതിപ്രാചീന തമിഴ് ലിപിയിലായി കരുതിവരുന്ന തിരുനാഥക്കുന്നിലെ ജൈനശിലാലേഖനത്തിലെ ലിപിയെക്കാൾ അധികം പ്രാചീനമായ ഒരു തമിഴ് ലിപിയാണ് ഈ എടക്കൽ തമിഴ് ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നതും.

Edakal Cave, Plate V. Fig. 1.

Plate V. Fig. 2.

നന്നശക്തി ഒരു രാജാവല്ലെന്നും, ഒരു ഗ്രാമീണ ഉദ്യോഗസ്ഥനോ, പ്രഭുവോ മാത്രമാണെന്നുമാണ് ഈ ലേഖകനു തോന്നുന്നത്. വിഷ്ണവർമൻ കടുംബിവംശത്തിലെ ഒരു സാമന്തരാജാവാണെന്ന് അദ്ദേഹത്തിന്റെ ലേഖനം കാണിക്കുന്നു. ഈ കടുംബി (കട്ടി) കലരാജാവ് വയനാടൻചെട്ടികളുടെ വർഗ്ഗത്തിൽപ്പെട്ടവനായിരുന്നു എന്ന് ഈ ലേഖകൻ വിചാരിക്കുന്നു. ഇന്ന ചെട്ടിച്ചെട്ടി എന്ന പേരുള്ളത് ഗൗഡസാരസ്വതബ്രാഹ്മണർക്കാണ്. കടുംബിവംശജനായ വിഷ്ണവർമൻ പ്രാചീന കദംബരാജാവായ രവിവർമന്റെ (ഉദ്ദേശം ബി. സി. 497–537) കീഴിലോ അദ്ദേഹത്തിന്റെ സമകാലീനരായ ത്രിപർവത (ഹലേബീഡ്) കദംബരാജാക്കന്മാരായ വിഷ്ണവർമന്റെയും സിംഹവർമന്റെയും കീഴിലോ നാടുവാണിരിക്കാനിടയുണ്ട്. രവിവർമന്റെ ഒരു ചെമ്പുപട്ടയം നിലമ്പൂരിൽ നിന്നു കണ്ടെടുത്തിട്ടുള്ള വസ്തുതയും, രവിവർമന്റെ സാമ്രാജ്യത്തിൽ വയനാടിനെ തൊട്ടുകിടക്കുന്ന മൈസൂർ ജില്ലയിലെ ഏതാണ്ടും ഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു എന്നുള്ള സംഗതിയും ഇവിടെ സ്മരണീയമാണ്. എ. ഡി. നാലാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ മയൂരവർമൻ കദംബരാജവംശത്തെ പ്രബലമാക്കിച്ചതോടുകൂടി വയനാടിന്റെ മിക്കഭാഗങ്ങളും കേരളരാജാവിന്റെ കൈവശത്തുനിന്നു വിട്ടുപോയിരുന്നിരിക്കണം. കടുംബിവംശജനായ എടക്കൽ ലേഖനത്തിലെ വിഷ്ണവർമൻ തിരുനെല്ലിക്കടുത്തുള്ള ഭാഗമൊഴിച്ചു വയനാടിന്റെ മറ്റെല്ലാഭാഗങ്ങളും നീലഗിരിയിലെ ഗൂഡല്ലൂരിനു സമീപമുള്ള പ്രദേശങ്ങളും ഭരിച്ചിരുന്നിരിക്കാനിടയുണ്ട്. തിരുനെല്ലിക്കു സമീപമുള്ള നാലംശങ്ങളൊഴിച്ച് വയനാടിന്റെ മറ്റെല്ലാഭാഗങ്ങളും ഒരു വേടരാജവംശം ഭരിച്ചിരുന്നു എന്നും ഒരു തുളുരാജാവായ കാമ്പിയിലെ രാജാവിനെ തിരുനെല്ലിക്ഷേത്രത്തിലേക്കു പോകുന്ന വഴിക്കുവച്ച് പ്രസ്തുത വേടവംശത്തിൽപ്പെട്ട രാജാവ് തടവുകാരനാക്കിയെന്നും തടവുകാരനായ കാമ്പിയിലെ രാജാവിന്റെ അപേക്ഷയനുസരിച്ച് വടക്കൻ കോട്ടയം രാജാവും അദ്ദേഹത്തിന്റെ ബന്ധുവായ കുറുമ്പ്രനാട്ടുരാജാവും കൂടി പ്രസ്തുതവേടരാജാവിനെ തോൽപ്പിച്ച് വയനാടിനെ തമ്മിൽ വിതിച്ചെടുത്തു എന്നുമുള്ള ഐതിഹ്യം മി. ഗോപാലൻനായർ വയനാടിനെപ്പറ്റിയുള്ള തന്റെ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഈ വേടരാജവംശം എടക്കൽ ലേഖനത്തിലെ കടുംബി വിഷ്ണവർമന്റെ വംശമാണെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. കോട്ടയം രാജവംശത്തിന്റെ ഉത്ഭവം എ. ഡി. ഒമ്പതാം ശതാബ്ദത്തിലാണെന്നു വിചാരിക്കാൻ കാരണമുള്ളതിനാൽ മി. ഗോപാലൻനായർ പ്രസ്താവിക്കുന്ന സംഭവം നടന്നത് എ. ഡി. പത്താം ശതാബ്ദത്തിലായിരിക്കുമെന്ന് ലേഖകനു തോന്നുന്നു.


Edakal Cave, Plate VI. Fig. 1.

Plate VI. Fig. 2.

അവസാനമായി എടക്കൽ ഗുഹയിലെ കൊത്തുചിത്രങ്ങളെക്കുറിച്ച് രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഇന്ത്യാ ഗവൺമെന്റിന്റെയും മദ്രാസ് ഗവൺമെന്റിന്റെയും ആർക്കിയോളജി വകുപ്പുകൾ കൃത്യാന്തര ബാഹുല്യത്താൽ കേരളത്തിലെ പ്രാചീനലേഖനങ്ങളുടെയും സ്മാരകങ്ങളുടെയും കണ്ടുപിടിത്തത്തിലും സംരക്ഷണത്തിലും അധികം ശ്രദ്ധപതിപ്പിക്കാറില്ല. കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഗവൺമെന്റുകൾ ഇപ്പോൾ കേരളത്തിലെ മധ്യകാലചിത്രങ്ങൾ ശേഖരിക്കുവാൻ തുടങ്ങിയിരിക്കുന്ന സ്ഥിതിക്ക് അവരെങ്കിലും എണ്ണായിരത്തോളം വർഷങ്ങൾക്കു മുമ്പുള്ള കേരളചിത്രകലയുടെ അഥവാ കേരള കൊത്തുപണികലയുടെ മാതൃകകളായ എടക്കൽ കൊത്തു ചിത്രങ്ങൾ മുഴുവനും പകർത്തി തങ്ങളുടെ ചിത്രശാലകളിൽ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. എന്നാൽ മാത്രമേ കേരള ചിത്രകലയുടെ പ്രാരംഭം മുതൽക്കുള്ള ചരിത്രം ഗ്രഹിക്കുവാൻ കേരളീയർക്കു സാധിക്കുകയുള്ളൂ.



Plate VI., Fig. 1.
This is rather too near a view of the North wall, showing an inscription. In it are to be seen two forms of the swastika, and one magic square, and two "sun-symbols".
There are at least eight human figures: Nos. 1, 3, 4, and 5, I take to be women, Nos. 2, 6, 7, and 8 to be masked dancers.
Plate VI., Fig. 2.
This also represents the North wall. It contains four figures of masked dancers.
And two "sun-symbols"



മാതൃഭൂമി വിശേഷാൽ പ്രതി
1938

കേസരി ബാലകൃഷ്ണപിള്ള

പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്ന കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കടിപ്പള്ളിക്കൂടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ച വക്കീലായി പ്രാക്റ്റീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജിവെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്റ്റംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്റ്റംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്യുന്നു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്റ്റംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാല്യം)

ഡ്രോയിങ്: വി. ആർ. സന്തോഷ്.
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014